**കേരളത്തിൽ അവതരിപ്പിച്ച ഗാന്ധികഥയിൽ ഗാന്ധിജി വികസിപ്പിച്ച സത്യാഗ്രഹം എന്ന പ്രയോഗത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള സംഭാഷണമാണ് നാരായൺ ദേസായി മുഖ്യമായും നടത്തിയത്. ഭരണകൂടവും ജനങ്ങളും തമ്മിലുള്ള വേർതിരിവ് വർധിച്ചുകൊണ്ടിരിക്കുകയും അതിജീവനത്തിനായുള്ള ജനകീയസമരങ്ങൾ ശക്തമാവുകയും ചെയ്യുന്ന ഇന്നത്തെ സാഹചര്യത്തിൽ സത്യാഗ്രത്തിന്റെ പ്രയോഗസാധ്യതകൾ ആഴത്തിലറിയാൻ നാരായൺ ദേസായി പറഞ്ഞ ഗാന്ധികഥയിലെ സത്യാഗ്രഹ പാഠങ്ങൾ സമാഹരിക്കുന്നു**

# സത്യാഗ്രഹദർശനത്തിന്റെ പ്രയോഗസാധ്യതകൾ

അഹിംസ - സത്യാഗ്രഹം, ഈ രണ്ട് പ്രയോഗങ്ങളും ഗാന്ധിജി മാനവരാശിക്ക് നൽകിയ മുഖ്യ സംഭാവനകളാണ്. അനാദികാലം തൊട്ട് തന്നെ ഭൂമിയിൽ നിലനിന്നിരുന്ന ഈ രണ്ട് മൂല്യങ്ങളെയും ജനങ്ങളുടെ രാഷ്ട്രീയ ജീവിതത്തിലേക്ക് വിളക്കിചേർക്കുക എന്ന ദൗത്യം മാത്രമാണ് ഗാന്ധി ചെയ്തത്. മൗലികതയെ സംബന്ധിച്ച് ഗാന്ധി യാതൊരു അവകാശവാദവും ഉന്നയിക്കാതിരുന്നതും ഈ ഒരു ഉത്തമബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ്. ദക്ഷിണാഫ്രിക്കയിൽ നിന്നാരംഭിച്ച് ഭാരതത്തിൽ വെടിയേറ്റു വീഴുന്നതുവരെയുള്ള മുഴുവൻ കാലത്തും അഹിംസയുടെയും സത്യാഗ്രഹത്തിന്റെയും പുതിയ പുതിയ പ്രയോഗ സാധ്യതകൾ ഗാന്ധി അന്വേഷിക്കുന്നുണ്ട്. ദക്ഷിണാഫ്രിക്കയിലെ കരാർ തൊഴിലാളികളുടെ അവകാശസംരക്ഷണത്തിനായുള്ള സമരത്തിൽ, ഖനിതൊഴിലാളികളുടെ പ്രശ്നത്തിൽ, ചംപാരണിൽ, അഹമ്മദാബാദിൽ മിൽത്തൊഴിലാളികളുടെ ഇടയിൽ, ഖേഡയിൽ ഒക്കെ ഈ ഒരനേഷണം വ്യാപകമാക്കുന്നുണ്ട്. ഭരണകൂടവും ജനങ്ങളും തമ്മിലുള്ള വേർതിരിവ് വളരെയധികം പ്രകടമായിക്കൊണ്ടിരിക്കുന്ന ഈ ഒരു കാലഘട്ടത്തിൽ സത്യാഗ്രഹത്തിന്റെ അനന്തസാധ്യതകൾ നാം തിരിച്ചറിയേണ്ടതുണ്ട്. കേന്ദ്രീകൃതമായ അധികാരത്തിന്റെയും ആയുധബലത്തിന്റെയും പിന്തുണയോട് കൂടി മൃഗീയശക്തി പ്രയോഗിച്ചുകൊണ്ടിരിക്കുന്ന ഭരണവർഗ്ഗത്തിന് എതിർ നിൽക്കുവാൻ മാനവരാശിക്കുമുന്നിൽ ഒരേയൊരു പോംവഴി മാത്രമേയുള്ളൂ. അത് സത്യാഗ്രഹത്തിന്റെയും അഹിംസയുടെയും വഴിയാണ്. ഭീരുവിന്റെ അഹിംസയെ എല്ലാക്കാലത്തും തിരസ്ക്കരിച്ച ഗാന്ധിജി ധീരന്റെ അഹിംസയെയാണ് മുന്നോട്ടുവെക്കുന്നത്. സത്യാഗ്രഹത്തിനു ബാധകമാകുന്ന ഈ ഒരു നിയമം മുറുക്കിപ്പിടിച്ചുകൊണ്ടു മാത്രമേ നമുക്ക് മുന്നോട്ടു നീങ്ങാൻ കഴിയുകയുള്ളൂ. സത്യാഗ്രഹത്തിന്റെ തന്ത്രങ്ങൾ എല്ലാക്കാലത്തും വ്യത്യസ്തങ്ങളായിരി

തയ്യാറാക്കിയത്:
**കെ. സഹദേവൻ**

ക്കും. കാല-ദേശങ്ങൾക്കനുസരിച്ച് ഇവ പലപ്പോഴും മാറിമറിഞ്ഞുകൊണ്ടിരിക്കും. എന്നാൽ സത്യാഗ്രഹതത്ത്വങ്ങൾ എക്കാലവും അതേപോലെ തന്നെയായിരിക്കും.

സത്യാഗ്രഹത്തിന്റെ വിവിധഘട്ടങ്ങളിൽ സ്വാഭാവികമായും വളർന്നുവികസിച്ചു വരേണ്ടുന്ന ചില അനിവാര്യഘട്ടങ്ങളെക്കുറിച്ചാണ് ചർച്ചചെയാൻ ഉദ്ദേശിക്കുന്നത്. അത് കാലാതീതമായിത്തന്നെ നിലനിൽക്കുന്ന ഒന്നായതുകൊണ്ട് ഇപ്പോഴും പ്രസക്തമായവയാണ്. സത്യാഗ്രഹത്തിന്റെ പ്രയോഗഘട്ടങ്ങളിലെ പതിനാറ് ഘടകങ്ങളായാണ് ഇവയെ അടയാളപ്പെടുത്തുന്നത്. ഈ ഘടകങ്ങളെ സത്യാഗ്രഹത്തിന്റെ പതിനാറ് കലകളെന്ന് നമുക്ക് വിശേഷിപ്പിക്കാം.

**സത്യാഗ്രഹത്തിന്റെ ബീജാവാപം നടക്കുന്നത് പ്രധാനമായും സാഹചര്യങ്ങളിൽ അടങ്ങിയിരിക്കുന്ന അന്യായങ്ങളെക്കുറിച്ചുള്ള ബോധ്യങ്ങളിൽ നിന്നുമാണ്. ഈ ബോധ്യത്തിലൂടെ സമൂഹത്തിൽ നടന്നുകൊണ്ടിരിക്കുന്ന അനീതി, അസത്യം, അക്രമം എന്നിവയ്ക്കെതിരെ പ്രതികരിക്കുവാൻ സത്യാഗ്രഹി സന്നദ്ധനാകുന്നു. സത്യാഗ്രഹത്തിന്റെ ഈ പ്രാഥമികഘട്ടത്തിൽ, അന്യായത്തിനെതിരെ വെല്ലുവിളി ഉയർത്തുന്നത് വ്യക്തിഗത സ്വാർത്ഥത്തിനുവേണ്ടിയല്ലെന്നും സമൂഹത്തിന്റെ പൊതുവായ ക്ഷേമത്തിനുവേണ്ടിയാണെന്നും സത്യാഗ്രഹി തിരിച്ചറിയുന്നു**



സത്യാഗ്രഹത്തിന്റെ ബീജാവാപം നടക്കുന്നത് പ്രധാനമായും സാഹചര്യങ്ങളിൽ അടങ്ങിയിരിക്കുന്ന അന്യായങ്ങളെക്കുറിച്ചുള്ള ബോധ്യങ്ങളിൽ നിന്നുമാണ്. ഈ ബോധ്യത്തിലൂടെ സമൂഹത്തിൽ നടന്നുകൊണ്ടിരിക്കുന്ന അനീതി, അസത്യം, അക്രമം എന്നിവയ്ക്കെതിരെ പ്രതികരിക്കുവാൻ സത്യാഗ്രഹി സന്നദ്ധനാകുന്നു. സത്യാഗ്രഹത്തിന്റെ ഈ പ്രാഥമികഘട്ടത്തിൽ അന്യായത്തിനെതിരെ വെല്ലുവിളി ഉയർത്തുന്നത് വ്യക്തിഗത സ്വാർത്ഥത്തിനുവേണ്ടിയല്ലെന്നും സമൂഹത്തിന്റെ പൊതുവായ ക്ഷേമത്തിനുവേണ്ടിയാണെന്നുമുള്ള കാര്യം  സത്യാഗ്രഹി തിരിച്ചറിയുന്നു.

രണ്ടാംഘട്ടം പരിതഃസ്ഥിതികളെ സംബന്ധിച്ച നിജസ്ഥിതി, അല്ലെങ്കിൽ അസംതൃപ്തി  വ്യക്തമാക്കുക എന്നതാണ്. അന്യായമായ പ്രവൃത്തിയിൽ ഏർപ്പെട്ടവരെ അക്കാര്യം ധരിപ്പിക്കുക. ജനങ്ങളുമായി സംവാദിക്കുക. വിവിധ മാധ്യമങ്ങളിലൂടെയുള്ള എഴുത്തുകുത്തുകൾ, പ്രകടനങ്ങൾ, ലഘുലേഖകൾ, ചുവരെഴുത്തുകൾ എന്നിവയൊക്കെയും ഉപയോഗപ്പെടുത്താവുന്നതാണ്. അതിശയോക്തി കലരാതിരിക്കുക,ഭാഷയിൽ സംയമനംപാലിക്കുക, സ്നേഹപൂർണ്ണമായിരിക്കുക എന്നീ കാര്യങ്ങൾ ഓരോ എഴുത്തുകളിലും ശ്രദ്ധിക്കേണ്ട സംഗതിയാണ്. അന്യായത്തിനിരയാക്കുന്നവരെ അതേക്കുറിച്ച് ബോധ്യപ്പെടുത്തുന്നതോടൊപ്പം അന്യായ പ്രവൃത്തിയിലേർപ്പെട്ടവരെ തങ്ങളുടെ ആവശ്യങ്ങൾ അറിയിക്കുക എന്ന ഇരട്ടപ്രക്രിയയാണ് ഇതുവഴി ചെയ്യുന്നത്.

മൂന്നാമതായി സത്യാഗ്രഹി തന്റെ എതിരാളികളുടെ അടുത്തേക്ക് വിശ്വാസപൂർവ്വം കടന്നുചെല്ലുക എന്നതാണ്. തനിക്ക് പറയാനുള്ള വസ്തുതകൾ അതിശയോക്തി കലരാതെയും വസ്തുനിഷ്ഠമായും അവതരിപ്പിക്കുമ്പോൾ തന്നെ അവയിൽ അഹങ്കാരത്തിന്റെ കണികപോലും ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. വിനയത്തിന്റെയും വിവേകത്തിന്റെയും ഭാഷയായിരിക്കണം സത്യാഗ്രഹിയുടേത്. എതിരാളികളുടെ മുന്നിൽ തന്റെ ആവശ്യങ്ങൾ ഉന്നയിക്കുമ്പോൾ മൂന്ന് തരത്തിലുള്ള വിശ്വാസം സത്യാഗ്രഹിയിൽ കടന്നു കൂടുന്നുണ്ട്. ഒന്ന്, താൻ സത്യത്തെ ശരിയായ രീതിയിൽ അന്വേഷിച്ചു കണ്ടെത്തിയിരിക്കുന്നു എന്നതുകൊണ്ടുളവായ ആത്മവിശ്വാസം. രണ്ട് മനുഷ്യരിൽ അടങ്ങിയിരിക്കുന്ന ദൈവീകാംശത്തെ കുറിച്ചുള്ള വിശ്വാസം, മൂന്ന് തന്റെ മാർഗ്ഗത്തിന്റെ വിശുദ്ധിയെ സംബന്ധിച്ചുള്ള വിശ്വാസം. ഈ ഉറച്ച വിശ്വാസവുമായി മാത്രമെ

സത്യാഗ്രഹിക്ക് മുന്നോട്ടുള്ള പ്രയാണം തുടരാൻ സാധ്യമാകൂ.

തനിക്ക് ബോധ്യമുള്ള സത്യത്തെ വിവിധ രീതികളിലൂടെ എതിരാളികളുടെ മുന്നിൽ അവതരിപ്പിക്കുക എന്നതാണ് നാലാമത്തെ ഘട്ടം. പ്രതിപക്ഷത്തെ തങ്ങളുടെ വിവേകം ഉപയോഗപ്പെടുത്തുവാൻ നിർബന്ധിക്കുക എന്നത് അഞ്ചാമത്തേതും. ഈ ഘട്ടങ്ങളിലൊന്നും തന്നെ തന്റെ പ്രവൃത്തികളിലൂടെ ഒരു സത്യാഗ്രഹി തളർച്ച അനുഭവിക്കുന്നില്ല.

ജനകീയ വിദ്യാഭ്യാസം എന്നത് ആറാമത്തെ ഘടകം. സത്യാഗ്രഹത്തിന്റെ മറ്റെല്ലാ ഘട്ടങ്ങളോടും ഒരുമിച്ച് ചേർന്ന് പോകാവുന്ന ഒന്നാണിത്. ജനജാഗൃതിയും പിന്തുണയും സത്യത്തെ സ്ഥാപിച്ചെടുക്കുന്നതിൽ വളരെ പ്രബലമായ സ്ഥാനം വഹിക്കുന്നുണ്ട്.

എതിർപ്പുകൾ പ്രദർശിപ്പിക്കുക എന്നതാണ് സത്യാഗ്രഹത്തിന്റെ ഏഴാമത്തെ ഘട്ടം. ഇതിന് അനന്തമായ വഴികൾ നമ്മുടെ മുന്നിലുണ്ട്. അനീതിയോട്, അന്യായത്തോട് 'ഇല്ല' എന്നു പറയുന്നത് തന്നെയാണ് അത്യന്തികമായി സത്യാഗ്രഹം. അതുകൊണ്ട് തന്നെ അഹിംസാത്മക സമര രൂപങ്ങളിലൂടെ പ്രതിഷേധങ്ങൾ അറിയിക്കുക എന്നത് സത്യാഗ്രഹത്തിൽ സുപ്രധാന സംഗതിയാണ്. പ്രതിഷേധ പ്രദർശനങ്ങളുടെ ഒരു ഘട്ടങ്ങളിലും സത്യാഗ്രഹി തന്റെ വിവേകം നഷ്ടപ്പെടുത്തുന്നില്ല. സത്യാഗ്രഹത്തിലേക്ക് ജനങ്ങൾ ആകൃഷ്ടരാകുന്ന ഒരു ഘട്ടമാണിത്. അതിനാൽ തന്റെ പരിമിതികൾ തിരിച്ചറിഞ്ഞുകൊണ്ടാകണം സത്യാഗ്രഹി പ്രവൃർത്തിക്കേണ്ടത്. പ്രതിഷേധം വ്യവസ്ഥിതിയോടാണ്, വ്യക്തിയോടല്ല എന്ന വസ്തുത ഓരോ നിമിഷത്തിലും മനസിലുണ്ടായിരിക്കുന്നതോടൊപ്പം എതിർപ്പിന്റെ കാര്യത്തിൽ സംയമനം പാലിക്കുകയും വേണം.

നേരിട്ടുള്ള പ്രവർത്തന പരിപാടികളാണ് എട്ടാമത്തേത്. അനീതിയുമായി ബന്ധപ്പെട്ട പ്രത്യക്ഷ ഉദാഹരണങ്ങളിന്മേലുള്ള ബഹിഷ്കരണങ്ങളോ നിഷേധമോ ആകാം. ഉപ്പുവാരിയതിലൂടെ, വിദേശ വസ്ത്രബഹിഷ്കരണങ്ങളിലൂടെ ഗാന്ധിജി നമുക്ക് കാണിച്ചുതന്ന മാർഗ്ഗവും ഇതുതന്നെയാണ്. പൊതു സമ്പത്ത് നശിപ്പിച്ചുകൊണ്ടോ വ്യക്തികൾക്ക് നേരെ അതിക്രമം അഴിച്ചുവിട്ടുകൊണ്ടോ സത്യാഗ്രഹം നടത്താൻ സാധ്യമല്ല. നേരിട്ടുള്ള പ്രവർത്തനങ്ങളുടെ കാതൽ സ്വേച്ഛാപൂർവ്വമുള്ള ത്യാഗങ്ങളിലാണ് എന്ന കാര്യം സത്യാഗ്രഹി തിരിച്ചറിയുന്നു. എതിർപക്ഷത്തെ ബലപ്രയോഗത്തിലൂടെ ത്യാഗം ചെയ്യാൻ ആവശ്യപ്പെടുന്നത് സത്യാഗ്രഹമേ ആകുന്നില്ല.

സ്വേച്ഛാപൂർവ്വം സസന്തോഷം കഷ്ടതകൾ ഏറ്റെടുക്കുക എന്നതാണ് ഒമ്പതാമത്തെ ഘട്ടം. കഷ്ടസഹനങ്ങൾ സത്യാഗ്രഹിക്ക് തന്റെ വേദനകൾ എതിർപക്ഷത്തിന്റെ ഹൃദയങ്ങളിലേക്ക് എത്തിക്കുവാനുള്ള മാധ്യമമാണ്. സത്യാഗ്രഹിയുടെ അന്തരംഗം എത്രമാത്രം സംശുദ്ധമാണോ, അയാളുടെ കഷ്ടസഹനങ്ങൾ എത്രമാത്രം തീവ്രതരമാണോ അത്രയും ശക്തമായ രീതിയിൽ തന്റെ സന്ദേശം എതിർപക്ഷത്തിന്റെ ഹൃദയങ്ങളിലേക്ക് എത്തിക്കാൻ അയാൾക്ക് സാധിക്കുന്നു.

നിഷ്പക്ഷരായി നിൽക്കുന്ന ജനങ്ങളുടെ ഇടയിലും സ്വാധീനമുറപ്പിക്കുവാൻ ഇതു വഴി സത്യാഗ്രഹിക്കു സാധിക്കുന്നു. സത്യാഗ്രഹികളിൽ സ്നേഹവും ഐക്യവും പരസ്പരവിശ്വാസവും ഉറപ്പിക്കുക എന്ന പ്രക്രിയയാണ് പത്താമത്തെ ഘടകമായിവരുന്നത്. ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്നുടലെടുക്കുന്ന ഐക്യം സത്യാഗ്രഹത്തിന്റെ ദീർഘകാല ലക്ഷ്യങ്ങൾക്ക് നേട്ടങ്ങളുണ്ടാക്കുന്നതാണ്.

നേരിട്ടുള്ള പ്രവർത്തനങ്ങൾ,കഷ്ടസഹനങ്ങൾ എന്നിവ വിജയകരമായി തുടരുമ്പോഴും ചർച്ചകൾക്കായി തന്റെ വാതിലുകൾ തുറന്നിടുക എന്നത് സത്യാഗ്രഹിയുടെ മുഖ്യ ലക്ഷണമായി മാറേണ്ടതുണ്ട്. ഇത് സത്യാഗ്രഹത്തിന്റെ പതിനൊന്നാമത്തെ ഘട്ടമാണ്. സിദ്ധാന്തങ്ങൾ ബലികഴിക്കാതെ അഭിമാനപൂർണ്ണമായ ഒത്തുതീർപ്പുകൾക്ക് തയ്യാറാവുക. സത്യാഗ്രഹത്തിന്റെ ലക്ഷ്യം സത്യത്തെ സ്ഥാപിച്ചെടുക്കുക എന്നതാക്കുമ്പോൾ പ്രതിരോധത്തിന്റെയോ കഷ്ടസഹനങ്ങളുടെയോ ജഡത്വത്തിൽ സത്യാഗ്രഹി ഒതുങ്ങി നിൽക്കുന്നില്ല.

പ്രതിരോധത്തിന്റെയും കഷ്ടസഹനങ്ങളുടെയും പ്രത്യക്ഷപ്രവർത്തനങ്ങളിൽ മുഴുകിക്കിടക്കുമ്പോഴും നിർമ്മാണാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുക എന്നത് സത്യാഗ്രഹിയുടെ കടമയാണ്. ദീർഘകാല സത്യാഗ്രഹസമരങ്ങളിൽ വളറെയേറെ അനിവാര്യമായ ഒന്നാണിത്. കാലത്തിനും ദേശത്തിനും അനുയോജ്യമായ രീതിയിൽ നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റൊടുക്കുക എന്നത് സത്യാഗ്രഹിയുടെ ഔചിത്യബോധത്തിന്റെ തെളിവായിരിക്കും.

സത്യാഗ്രഹത്തിന്റെ അന്തിമഘട്ടത്തിൽ ഇരുപക്ഷങ്ങൾക്കും ഇടയിൽ ഒരു പൊതുധാരണ രൂപപ്പെടുന്നു. ഈ പൊതുധാരണ രൂപപ്പെടുത്തുന്ന അവസരത്തിൽ സത്യാഗ്രഹിയുടെ മുന്നിൽ ഒരൊറ്റ ചിന്തക്കുമാത്രമെ പ്രാമുഖ്യം ലഭിക്കുന്നുള്ളൂ. അന്യായമായ വ്യവസ്ഥിതി തുടച്ചു നീക്കുക, സത്യം സ്ഥാപിച്ചെടുക്കുക. സിദ്ധാന്തങ്ങളെ ബലികഴിക്കാതെയുള്ള ഒത്തു തീർപ്പുകൾ. പരിത:സ്ഥിതികളിൽ സ്ഥാപിച്ചെടുത്ത ന്യായം കെടാതെ നിലനിർത്തുക എന്നതും സത്യാഗ്രഹിയുടെ കടമയാണ്.

സത്യാഗ്രഹത്തിന്റെ അവസാനത്തിൽ സത്യത്തിന്റെ വിജയമാണ്. സത്യാഗ്രഹത്തിന്റെ സാഫല്യമെന്നത് ഇരുപക്ഷത്തിന്റെയും അഭിമാനം സംരക്ഷിക്കപ്പെടുന്നതിലും ഇരുവർക്കും പ്രശ്ന പരിഹാരം സാധ്യമാക്കുന്നതിലുമാണ്. സത്യാഗ്രഹത്തിൽ വിജയം ഇരുപക്ഷത്തിന്റേതുമായി മാറുന്നു.

സത്യാഗ്രഹം എന്നത് ഒരു സമഗ്ര ജീവിത ദർശനമാണ്. ആർത്തിയുടെയും ഭയത്തിന്റെയും സ്ഥാനത്ത് സ്നേഹം, തപം എന്നിവയിലൂടെ പരിത:സ്ഥിതികളെ മാറ്റിമറിക്കുവാൻ സത്യാഗ്രഹി പ്രയത്നിക്കുന്നു. ഓരോ മനുഷ്യനിലും അത്യന്തികമായി നന്മകൾ അടങ്ങിയിരിക്കുന്നു എന്ന വിശ്വാസമാണ് സത്യാഗ്രഹ ദർശനത്തിന്റെ അടിത്തറ. ഈ നന്മയെ തങ്ങളുടെ തപങ്ങളിലൂടെ സത്യാഗ്രഹി പുറത്തേക്കൊഴുകുന്നു.

സമൂഹത്തിലോ, വ്യവസ്ഥിതിയിലോ, അടങ്ങിയിരിക്കുന്ന അന്യായത്തിൽ നിന്നും അതിനിരകളാകുന്ന വ്യക്തികളെ മാറ്റി നിർത്തുന്നു, അന്യായത്തെ ദൂരെകളഞ്ഞുകൊണ്ട് അന്യായിയെ സാമൂഹിക അപരാധത്തിൽനിന്നും രക്ഷപ്പെടുത്തുന്നു. 'ശം പ്രതി ശാഠ്യം' എന്നതിന് പകരം 'ശം പ്രതി സത്യം' എന്ന സാത്വിക സിദ്ധാന്തം സത്യാഗ്രഹം മുന്നോട്ടുവെക്കുന്നു.